سورة يونس

10. സൂറത്തു യൂനുസ്

മക്കയിൽ അവതരിച്ചത് - വചനങ്ങൾ 109 - വിഭാഗം (റുകൂഉ്) 11

മക്കീ സൂറത്തുകളിലെ പ്രധാന പ്രതിപാദ്യ വിഷയങ്ങളായ തൗഹീദിന്റെ സ്ഥാപനം, ശിർക്കിന്റെ ഖണ്ഡനം, പ്രവാചകത്വം, മരണാനന്തരജീവിതം, പ്രതിഫലനടപടി മുതലായവയും അവയുമായി ബന്ധപ്പെട്ട കാര്യങ്ങളും തന്നെയാണ് ഈ സൂറത്തിലെ മുഖ്യ പ്രതിപാദ്യ വിഷയങ്ങൾ. 98 -ാം വചനത്തിൽ യൂനുസ് (അ) ന്റെ ജനതയെപറ്റി പരാമർശിക്കുന്നു. സൂറത്തു യൂനുസ് എന്ന നാമകരണത്തിന് കാരണമതാണ്.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓرۚ

﴾1﴿ 'അലിഫ് - ലാം - റാ'

تِلۡكَ ءَايَٰتُ ٱلۡكِتَٰبِ ٱلۡحَكِيمِ ﴿١﴾

അവ വിജ്ഞാനപ്രദമായ (അഥവാ തത്വപൂർണമായ) വേദഗ്രന്ഥത്തിന്റെ 'ആയത്തു' [സൂക്തം] കളാകുന്നു.

﴾1﴿ الر 'അലിഫ് - ലാം - റാ' تِلْكَ അവ (ഇവ) آيَاتُ ആയത്തു (സൂക്തം -വചനം) കളാകുന്നു الْكِتَابِ (വേദ) ഗ്രന്ഥത്തിന്റെ الْحَكِيمِ വിജ്ഞാനപ്രദമായ, യുക്തിപൂർണമായ, തത്വപൂർണമായ

ഈ സൂറത്തിന്റെ ആരംഭത്തിൽ കാണുന്നതുപോലെയുള്ള കേവലാക്ഷരങ്ങളെ സംബന്ധിച്ച് സൂറത്തുൽ ബക്വറഃയുടെ ആരംഭത്തിലും മറ്റും മുമ്പ് വിവരിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപോലെ, ഈ സൂറത്തിലെ സൂക്തങ്ങളെ ഉദ്ദേശിച്ച് هذه (ഇവ) എന്ന് പറയാതെ تِلْكَ (അവ) എന്ന സൂചനാനാമം ഉപയോഗിച്ചതിലടങ്ങിയ സൂചനയും സൂറത്തുൽ ബക്വറഃ 2-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്.

أَكَانَ لِلنَّاسِ عَجَبًا

﴾2﴿ മനുഷ്യർക്ക് ഒരു അൽഭുതമായിപ്പോയോ, അവരിൽപെട്ട ഒരു പുരു

أَنْ أَوْحَيْنَآ إِلَىٰ رَجُلٍ مِّنْهُمْ أَنْ أَنذِرِ ٱلنَّاسَ وَبَشِّرِ ٱلَّذِينَ ءَامَنُوٓا۟ أَنَّ لَهُمْ قَدَمَ صِدْقٍ عِندَ رَبِّهِمْ ۗ

ഷന് നാം 'വഹ്‌യ്' [ദിവ്യസന്ദേശം] നൽകിയത്?: മനുഷ്യരെ നീ താക്കീത് ചെയ്യണമെന്നും, വിശ്വസിച്ചവർക്ക് തങ്ങളുടെ റബ്ബിന്റെ അടുക്കൽ സത്യത്തിന്റെ (ഉന്നത) പദവിയുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കണമെന്നും!

قَالَ ٱلْكَـٰفِرُونَ إِنَّ هَـٰذَا لَسَـٰحِرٌ مُّبِينٌ ﴿٢﴾

അവിശ്വാസികൾ പറയുന്നു: 'നിശ്ചയമായും ഇവൻ ഒരു സ്പഷ്ടമായ മാരണക്കാരൻ തന്നെ ' എന്ന്.

﴾2﴿ أَكَانَ ആയിപ്പോയോ, ആയിത്തീർന്നോ لِلنَّاسِ മനുഷ്യർക്ക് عَجَبًا ഒരത്ഭുതം أَنْ أَوْحَيْنَا നാം വഹ്‌യ് (ദിവ്യസന്ദേശം) നൽകിയത് إِلَىٰ رَجُلٍ ഒരു പുരുഷനിലേക്ക് مِنْهُمْ അവരിൽപെട്ട أَنْ أَنذِرِ നീ താക്കീത് ചെയ്യണമെന്ന് النَّاسَ മനുഷ്യരെ وَبَشِّرِ നീ സന്തോഷവാർത്ത അറിയിക്കണമെന്നും الَّذِينَ آمَنُوا വിശ്വസിച്ചവർക്ക് أَنَّ لَهُمْ അവർക്കുണ്ടെന്ന് قَدَمَ പാദം (പദവി) صِدْقٍ സത്യത്തിന്റെ عِنْدَ رَبِّهِمْ അവരുടെ റബ്ബിന്റെ അടുക്കൽ قَالَ الْكَافِرُونَ അവിശ്വാസികൾ പറഞ്ഞു, പറയുന്നു إِنَّ هَٰذَا നിശ്ചയമായും ഇത് (ഇവൻ) لَسَاحِرٌ ഒരു മാരണക്കാരൻ തന്നെ مُبِينٌ സ്പഷ്ടമായ (തനി)

'ഒരു മനുഷ്യനെയോ അല്ലാഹു റസൂലായി നിയോഗിച്ചത്?' 17:94 (أَبَعَثَ اللَّهُ بَشَرًا رَسُولًا) എന്നും, 'നമ്മുടെ റബ്ബ് വേണമെന്നു വെച്ചിരുന്നെങ്കിൽ അവൻ മലക്കുകളെ ഇറക്കുക തന്നെ ചെയ്യുമായിരുന്നു' 41:14 (لَوْ شَاءَ رَبُّنَا لَأَنْزَلَ مَلَائِكَةً) എന്നുമൊക്കെ സത്യനിഷേധികൾ പറയാറുണ്ടായിരുന്നു. ചിലപ്പോൾ 'ഈ രണ്ട് രാജ്യങ്ങളിൽ - മക്കയിലോ ത്വാഇഫിലോ - ഉള്ള ഏതെങ്കിലും ഒരു മഹാ പുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ഖുർആൻ അവതരിക്കപ്പെട്ടില്ല?!' 43:31 (لَوْلَا نُزِّلَ هَٰذَا الْقُرْآنُ عَلَىٰ رَجُلٍ مِنَ الْقَرْيَتَيْنِ عَظِيمٍ) എന്നും അവർ പറയും . ഇങ്ങിനെയുള്ള അവിശ്വാസികളെക്കുറിച്ചാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. തങ്ങളുടെ കൂട്ടത്തിൽപെട്ട, തങ്ങളെപ്പോലെയുള്ള, തങ്ങൾക്ക് സുപരിചിതനായ ഒരു മനുഷ്യന് അല്ലാഹു ദിവ്യസന്ദേശം നൽകിയതിൽ അൽഭുതപ്പെടുവാനെന്തുണ്ട്?! സന്ദേശത്തിന്റെ സാരമാകട്ടെ, ദുർമാർഗികൾക്ക് അല്ലാഹുവിന്റെ ശിക്ഷലഭിക്കുമെന്ന് താക്കീത് നൽകുവാനും, സത്യവിശ്വാസം സ്വീകരിച്ചു സൻമാർഗികളായവർക്ക് അവന്റെ അടുക്കൽ ഉന്നതമായ പദവി ലഭിക്കുമെന്ന് സന്തോഷവാർത്ത അറിയിക്കാനുമാണ്താനും. ഇതിലെന്താണിത്ര അത്ഭുതത്തിന് വകയുള്ളത് എന്ന് സാരം. ആശ്ചര്യം പ്രകടിപ്പിക്കുക മാത്രമല്ല , അവർ ചെയ്യുന്നത്. ഇവൻ ഒരു തനി മാരണക്കാരനാണെന്നും, ഇവൻ കൊണ്ടുവന്ന ഈ ഖുർആൻ കേവലം ഒരു മാരണം - അഥവാ ജാലവിദ്യ-ആണെന്നും തുറന്നു പറയുക കൂടി അവർ ചെയ്യുന്നുവെന്നും ചൂണ്ടിക്കാട്ടുന്നു.

قَدَمَ صِدْقٍ എന്ന വാക്കിന് 'സത്യത്തിന്റെ പാദം' എന്നത്രെ ഭാഷാർത്ഥം. സത്യം സ്വീകരിക്കുകയും, അതിനെ സാക്ഷാത്കരിക്കുകയും ചെയ്തതുമൂലം ലഭിക്കുന്ന ഉന്നതപദവിയാണ് ഉദ്ദേശ്യം. അനുഗ്രഹത്തെ ഉദ്ദേശിച്ച് يد (കൈ) എന്ന് പറയപ്പെടാറുള്ളതു പോലെ, സ്ഥാനപദവിയെ ഉദ്ദേശിച്ച് قَدَم (പാദം) എന്ന വാക്കും അറബിയിൽ ഉപയോഗിക്കാറുണ്ട്. لَسَاحِرٌ (ഒരു മാരണക്കാരൻതന്നെ) എന്നതിന്റെ സ്ഥാനത്ത് لسحر (ഒരു മാരണംതന്നെ) എന്നും ഇവിടെ വായനയുണ്ട്. ഒന്നാമത്തേത് പ്രകാരം അത് നബി ﷺ യെ ഉദ്ദേശിച്ചും, രണ്ടാമത്തേത് പ്രകാരം അത് ക്വുർആനെ ഉദ്ദേശിച്ചും ആയിരിക്കുമെങ്കിലും തത്വത്തിൽ രണ്ടും ഒരുപോലെതന്നെ. سحر (സിഹ്ർ) എന്ന വാക്കിന്റെ അർത്ഥങ്ങളും, അതിന്റെ വകുപ്പുകളും സംബന്ധിച്ച് അൽബക്വറഃ : 102 ന്റെ വ്യാഖ്യാനത്തിലും മറ്റും വിവരിച്ചത് ഓർക്കുക. ' മാരണം, ജാലവിദ്യ, ചെപ്പടിവിദ്യ, ആഭിചാരം, ഇന്ദ്രജാലം, വശീകരണം, കൺകെട്ട്' എന്നിവയെല്ലാം 'സിഹ്റി' ൽ ഉൾപ്പെടുമെന്നും പലപ്പോഴും നാം ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്.

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ يُدَبِّرُ ٱلْأَمْرَ ۖ مَا مِن شَفِيعٍ إِلَّا مِنۢ بَعْدِ إِذْنِهِۦ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ فَٱعْبُدُوهُ ۚ أَفَلَا تَذَكَّرُونَ ﴿٣﴾

﴾3﴿ നിശ്ചയമായും, നിങ്ങളുടെ റബ്ബ് ആകാശങ്ങളെയും ഭൂമിയെയും ആറു ദിവസ [ഘട്ട] ങ്ങളിലായി സൃഷ്ടിച്ചവനായ അല്ലാഹുവത്രെ.

പിന്നെ, അവൻ കാര്യത്തെ (വ്യവസ്ഥപ്പെടുത്തി) നിയന്ത്രിച്ചുകൊണ്ട് 'അർശി' ൽ [സിംഹാസനത്തിൽ] ആരോഹണം ചെയ്തിരിക്കുന്നു.

അവന്റെ അനുവാദത്തിന് ശേഷമല്ലാതെ, ഒരു ശുപാർശക്കാരനും (ശുപാർശ നടത്തുക) ഇല്ല. (അങ്ങനെയുള്ള) അവനത്രെ അല്ലാഹു, നിങ്ങളുടെ റബ്ബ് . ആകയാൽ, അവനെ നിങ്ങൾ ആരാധിക്കുവിൻ. അപ്പോൾ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ ?!

﴾3﴿ إِنَّ رَبَّكُمُ നിശ്ചയമായും നിങ്ങളുടെ റബ്ബ് (രക്ഷിതാവ്) اللَّهُ അല്ലാഹുവത്രെ الَّذِي خَلَقَ സൃഷ്ടിച്ചവൻ السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضَ ഭൂമിയെയും فِي سِتَّةِ ആറിൽ أَيَّامٍ ദിവസങ്ങൾ ثُمَّ പിന്നെ اسْتَوَى അവൻ ശരിപ്പെട്ടു (ആരോഹണം ചെയ്തു) عَلَى الْعَرْشِ അർശിന്മേൽ, സിംഹാസനത്തിൽ يُدَبِّرُ നിയന്ത്രിച്ചുകൊണ്ട്, അവൻ നിയന്ത്രിക്കുന്നു الْأَمْرَ കാര്യം مَا مِنْ شَفِيعٍ ഒരു ശുപാർശക്കാരനുമില്ല إِلَّا مِنْ بَعْدِ ശേഷമല്ലാതെ إِذْنِهِ അവന്റെ അനുവാദത്തിന് , സമ്മതത്തിന്റെ ذَٰلِكُمُ അവനത്രെ اللَّهُ അല്ലാഹു رَبُّكُمْ നിങ്ങളുടെ റബ്ബായ فَاعْبُدُوهُ അതിനാൽ അവനെ നിങ്ങൾ

ആരാധിക്കുവിൻ أَفَلَا تَذَكَّرُونَ അപ്പോൾ നിങ്ങൾ ഉററാലോചിക്കു(ഓർമവെക്കു)ന്നില്ലേ.

ആറു ദിവസങ്ങളിലായി ആകാശഭൂമികളെ സൃഷ്ടിച്ചുവെന്നും, അല്ലാഹു അർശിൽ ആരോഹണം ചെയ്തുവെന്നും പറഞ്ഞതിനെപ്പററി സൂ: അഅ്റാഫ് 54; ഫുർക്വാൻ 59; സജദഃ 4,5 മുതലായ വചനങ്ങളുടെ വ്യാഖ്യാനങ്ങളിൽ വിവരിച്ചിട്ടുണ്ട്. ആറു പ്രത്യേക ഘട്ടങ്ങളായിരിക്കും ആറു ദിവസംകൊണ്ടുദ്ദേശ്യമെന്നും, ആരോഹണത്തിന്റെ സ്വഭാവത്തെപ്പററി അത് ഇന്ന പ്രകാരത്തിലായിരിക്കുമെന്ന് നമുക്ക് ഊഹിക്കുവാൻ കഴിയുകയില്ലെന്നും, ഈ വചനത്തിൽ കാണുന്നതുപോലെ അഖില കാര്യങ്ങളും ചിട്ടയോടും വ്യവസ്ഥയോടുംകൂടി അവൻ നിയന്ത്രിച്ചു പോരുന്നുവെന്ന യാഥാർത്ഥ്യമാണ് നാം അതിൽനിന്നു മനസ്സിലാക്കേണ്ടതെന്നും അവിടങ്ങളിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. 'അവന്റെ അനുമതിക്കുശേഷമല്ലാതെ ഒരു ശുപാർശക്കാരനും ശുപാർശ നടത്തുകയില്ല' (مَا مِن شَفِيعٍ....) എന്ന വാക്യം പ്രത്യേകം ശ്രദ്ധാർഹമാകുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തിലും ഉൽകൃഷ്ട ഗുണങ്ങളിലും വിശ്വസിക്കുന്നതോടൊപ്പം തന്നെ, അല്ലാഹുവിങ്കൽ തങ്ങൾക്കുവേണ്ടി ശുപാർശ ചെയ്യുമെന്ന് വാദിച്ചുകൊണ്ട് ദേവീദേവൻമാരെയും, പുണ്യാത്മാക്കളെയും ആരാധിച്ചിട്ട് യാതൊരു ഫലവുമില്ലെന്നാണ് ആ വാക്യം ചൂണ്ടിക്കാട്ടുന്നത്. ഈ വിഷയകമായി 'ആയത്തുൽ കുർസീ' യുടെ വ്യാഖ്യാനത്തിൽ വിവരിച്ചതും ഓർക്കുക. (അൽബക്വറഃ : 255)

إِلَيْهِ مَرْجِعُكُمْ جَمِيعًا ۖ وَعْدَ ٱللَّهِ حَقًّا ۚ

《4》 അവങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മടക്കം, അല്ലാഹുവിന്റെ യഥാർത്ഥമായ വാഗ്ദത്തം! [അതിൽ നീക്കുപോക്കില്ല]

إِنَّهُۥ يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ لِيَجْزِىَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ بِٱلْقِسْطِ ۚ

നിശ്ചയമായും അവൻ, സൃഷ്ടിയെ ആദ്യമായുണ്ടാക്കുന്നു ; പിന്നീട് അതിനെ (വീണ്ടും) ആവർത്തിച്ചുണ്ടാക്കുന്നു; വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് നീതി മുറപ്രകാരം അവൻ പ്രതിഫലം നൽകുവാൻ വേണ്ടി.

وَٱلَّذِينَ كَفَرُوا۟ لَهُمْ شَرَابٌ مِّنْ حَمِيمٍ وَعَذَابٌ أَلِيمٌۢ بِمَا كَانُوا۟ يَكْفُرُونَ ﴿٤﴾

അവിശ്വസിച്ചവരാകട്ടെ, അവർക്ക് ചുട്ടുതിളക്കുന്ന ജലത്തിൽ നിന്നുള്ള പാനീയവും, വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും ; അവർ അവിശ്വസിച്ചിരുന്നത് നിമിത്തം

《4》 إِلَيْهِ അവങ്കലേക്കാണ് مَرْجِعُكُمْ നിങ്ങളുടെ മടക്കം جَمِيعًا മുഴുവനും, എല്ലാം وَعْدَ اللهِ അല്ലാഹുവിന്റെ വാഗ്ദത്തം حَقًّا യഥാർത്ഥമായ, സത്യമായും إِنَّهُ يَبْدَأُ നിശ്ചയമായും അവൻ ആരംഭിക്കുന്നു (ആദ്യമായുണ്ടാക്കുന്നു) الْخَلْقَ സൃഷ്ടി,

സൃഷ്ടിയെ ثُمَّ يُعِيدُهُ പിന്നെ അതിനെ മടക്കുന്നു (ആവർത്തിക്കുന്നു) لِيَجْزِيَ അവൻ
പ്രതിഫലം നൽകുവാൻ വേണ്ടി الَّذِينَ آمَنُوا വിശ്വസിച്ചവർക്ക് وَعَمِلُوا അവർ
പ്രവർത്തിക്കുകയും ചെയ്തു الصَّالِحَاتِ സൽക്കർമങ്ങളെ بِالْقِسْطِ നീതിമുറപ്രകാരം
وَالَّذِينَ كَفَرُوا അവിശ്വസിച്ചവരാകട്ടെ لَهُمْ അവർക്കുണ്ട് شَرَابٌ പാനീയം, കുടിനീർ
مِنْ حَمِيمٍ അത്യുഷ്ണ (ചുട്ടുതിളക്കുന്ന) ജലത്തിൽ നിന്ന് وَعَذَابٌ ശിക്ഷയും أَلِيمٌ
വേദനയേറിയ بِمَا യാതൊന്നു നിമിത്തം كَانُوا അവരായിരുന്ന يَكْفُرُونَ അവർ അവിശ്വസിക്കും.

സർവ്വ വസ്തുക്കളുടെയും സ്രഷ്ടാവും നിയന്താവും അല്ലാഹു മാത്രമായിരിക്കെ അവൻ മാത്രമേ ആരാധിക്കപ്പെടുവാൻ അർഹനായുള്ളൂവെന്ന് കഴിഞ്ഞ വചനത്തിൽ ചൂട്ടിക്കാട്ടിയശേഷം, ഭാവിയിൽ എല്ലാവരുടെയും മടക്കവും തിരിച്ചെത്തലും അവങ്കലേക്കു തന്നെയാണെന്നും അവിടെവെച്ച് എല്ലാവർക്കും അവരവരുടെ സ്ഥിതിഗതികൾക്കനുസരിച്ച പ്രതിഫലം നൽകുമെന്നും ഓർമിപ്പിക്കുകയാണ്. حَمِيم (ചുട്ടുതിളക്കുന്ന അത്യുഷ്ണമായ ജലം) എന്നു പറഞ്ഞത് നരകത്തിലെ ആൾക്കാർക്ക് കുടിക്കുവാൻ നൽകപ്പെടുന്ന ഒരു പാനീയത്തെപ്പറ്റിയാകുന്നു. അത് കുടിക്കുന്നതോടെ അതവരുടെ കുടലുകളെ നുറുക്കിക്കളയുന്നതാണെന്ന് 47 : 15 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

هُوَ ٱلَّذِى جَعَلَ ٱلشَّمْسَ ضِيَآءً وَٱلْقَمَرَ نُورًا وَقَدَّرَهُۥ مَنَازِلَ لِتَعْلَمُوا۟ عَدَدَ ٱلسِّنِينَ وَٱلْحِسَابَ ۚ

﴾5﴿ അവനത്രെ, സൂര്യനെ (തിളങ്ങുന്ന) ശോഭയും, ചന്ദ്രനെ പ്രകാശവുമാക്കിയവൻ, അതിന് [ചന്ദ്രന്] അവൻ ചില ഭവനങ്ങൾ [രാശികൾ] നിർണയിക്കുകയും ചെയ്തിരിക്കുന്നു; നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുവാൻവേണ്ടി.

مَا خَلَقَ ٱللَّهُ ذَٰلِكَ إِلَّا بِٱلْحَقِّ ۚ

യഥാർത്ഥ (മുറ) പ്രകാരമല്ലാതെ അതിനെ (ഒന്നും) അവൻ സൃഷ്ടിച്ചിട്ടില്ല.

يُفَصِّلُ ٱلْـَٔايَٰتِ لِقَوْمٍ يَعْلَمُونَ ﴿٥﴾

അറിയാവുന്ന ജനങ്ങൾക്കുവേണ്ടി അവൻ ദൃഷ്ടാന്തങ്ങളെ വിശദീകരിക്കുകയാണ്.

﴾5﴿ هُوَ അവനത്രെ الَّذِي جَعَلَ ആക്കിയവൻ الشَّمْسَ സൂര്യനെ ضِيَاءً ശോഭ, തിളക്കം
وَالْقَمَرَ ചന്ദ്രനെയും نُورًا പ്രകാശം, വെളിച്ചം وَقَدَّرَهُ അതിന് (അതിനെ) നിർണയിക്കുക
(കണക്കാക്കുക) യും ചെയ്തു مَنَازِلَ ചില ഭവനം (മണ്ഡലം -രാശി) കൾ لِتَعْلَمُوا
നിങ്ങൾ അറിയുവാൻ വേണ്ടി عَدَدَ السِّنِينَ കൊല്ലങ്ങളുടെ എണ്ണം وَالْحِسَابَ കണക്കും
مَا خَلَقَ സൃഷ്ടിച്ചിട്ടില്ല اللهُ അല്ലാഹു ذَٰلِكَ അത് إِلا بِالْحَقِّ യഥാർത്ഥ (മുറ-ന്യായ-കാര്യ)
പ്രകാരമല്ലാതെ يُفَصِّلُ അവൻ വിശദീകരിക്കുന്നു الآيَاتِ ദൃഷ്ടാന്ത (അടയാള) ങ്ങളെ لِقَوْمٍ

ഒരു ജനതക്കുവേണ്ടി يَعْلَمُونَ അവർ അറിയുന്നു

إِنَّ فِي ٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ	﴾6﴿ **നിശ്ചയമായും, രാത്രിയും, പകലും വ്യത്യാസപ്പെടുന്നതിലുണ്ട്.**
وَمَا خَلَقَ ٱللَّهُ فِي ٱلسَّمَٰوَٰتِ وَٱلْأَرْضِ	**ആകാശങ്ങളിലും , ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചവയിലും (ഉണ്ട്).**
لَأٓيَٰتٍ لِّقَوْمٍ يَتَّقُونَ ﴿٦﴾	**സൂക്ഷിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളും.**

﴾6﴿ إِنَّ فِي اخْتِلَافِ നിശ്ചയമായും വ്യത്യാസപ്പെടുന്നതിലുണ്ട് اللَّيْلِ രാത്രിയും وَالنَّهَارِ പകലും وَمَا خَلَقَ اللَّهُ അല്ലാഹു സൃഷ്ടിച്ചതിലും فِي السَّمَاوَاتِ ആകാശങ്ങളിൽ وَالْأَرْضِ ഭൂമിയിലും لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ തന്നെ لِقَوْمٍ ജനങ്ങൾക്ക് يَتَّقُونَ അവർ സൂക്ഷിക്കുന്നു

മനുഷ്യരടക്കമുള്ള സൃഷ്ടികളുടെ ആദ്യാവസാനങ്ങളെ – അഥവാ തുടക്കത്തെയും ഒടുക്കത്തെയും – കുറിച്ചു മാത്രമല്ല, മനുഷ്യന്റെ ജീവിതത്തിൽ അവൻ നിത്യവും കണ്ടറിഞ്ഞുകൊണ്ടിരിക്കുന്ന – സാധാരണ ബുദ്ധികൾക്കുപോലും ഗ്രഹിക്കുവാൻ പ്രയാസമില്ലാത്ത– നിത്യസത്യങ്ങളെക്കുറിച്ചു ആലോചിച്ചു നോക്കിയാലും തൗഹീദിന്റെ അനിവാര്യയാഥാർത്ഥ്യം മനസ്സിലാക്കുവാൻ കഴിയുമെന്ന് ഉദാഹരണസഹിതം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ക്വുർആനിൽ പലേടത്തും – മക്കീസൂറത്തുകളിൽ വിശേഷിച്ചും – ഇതുപോലെയുള്ള പ്രസ്താവനകൾ പലതും കാണാം. ഇവിടെ എടുത്തുകാണിച്ച നിത്യദൃഷ്ടാന്തങ്ങൾ ഇവയാണ്:–

(1) സൂര്യനെ തിളങ്ങുന്ന ശോഭയുള്ളതാക്കിയത്,

(2) ചന്ദ്രനെ പ്രകാശിക്കുന്നതാക്കിയത്: വെളിച്ചം നൽകുന്നതിൽ രണ്ടും യോജിക്കുമെങ്കിലും രണ്ടിന്റെയും വെളിച്ചം തമ്മിൽ വ്യത്യാസമുണ്ടല്ലോ. സൂര്യൻ പകലിലും, ചന്ദ്രൻ രാത്രിയിലുമാണ് വെളിച്ചം നൽകുന്നതെന്ന് മാത്രമല്ല, സൂര്യൻ സ്വയം പ്രകാശിക്കുന്നതും കൂടുതൽ ശോഭയുള്ളതുമാകുന്നു. ചന്ദ്രന്റെ വെളിച്ചമാകട്ടെ, സൂര്യനിൽ നിന്ന് ചന്ദ്രനിൽ പതിക്കുന്ന വെളിച്ചത്തിന്റെ തിരിച്ചടിയാണെന്ന് (*) ശാസ്ത്രം മുമ്പേ തെളിയിച്ചു കഴിഞ്ഞതാണ്. സൂര്യവെളിച്ചത്തെ അപേക്ഷിച്ച് അത് വളരെ മങ്ങിയതുമാണ്. ഈ വ്യത്യാസമാണ് സൂര്യവെളിച്ചത്തെപ്പറ്റി ضِيَاء (തിളക്കം –ശോഭ) എന്നും, ചന്ദ്ര വെളിച്ചത്തെപ്പറ്റി نُور (പ്രകാശം) എന്നും പ്രയോഗിച്ചതിൽ അടങ്ങിയിരിക്കുന്നത്. സൂര്യനെപ്പറ്റി سِرَاج (വിളക്ക്) എന്നും, ചന്ദ്രനെപ്പറ്റി مُنِير (പ്രകാശിക്കുന്നത്) എന്നും പറഞ്ഞുകൊണ്ട് 25 : 61 ലും ഈ വസ്തുത അല്ലാഹു സൂചിപ്പിച്ചിരിക്കുന്നു.

(3) ചന്ദ്രന് പല ഭവനങ്ങളും നിർണയിച്ചിരിക്കുന്നത്: സൂര്യന്റെയും ചന്ദ്രന്റെയും സഞ്ചാരപഥം ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്നു. എന്നാലും സൂര്യൻ കാഴ്ചയിൽ എപ്പോഴും പൂർണവൃത്താകൃതിയിൽ ദൃശ്യമാകുന്നു. ചന്ദ്രനാകട്ടെ, ചാന്ദ്രമാസാരംഭത്തിൽ ആദ്യം ഒരു അർദ്ധവളയമായി വെളിപ്പെടുന്നു. പിന്നീട് ദിനം തോറും വൃദ്ധി പ്രാപിച്ചു

(*) പടം 8 നോക്കുക.

കൊണ്ട് പതിനാലാം ദിവസത്തേക്ക് പൂർണവൃത്താകൃതി പ്രാപിക്കുന്നു. പിന്നീട് നേരെ മറിച്ച് ദിനംതോറും ക്ഷയിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അവസാനം ഒന്നോ രണ്ടോ രാത്രി അപ്രത്യക്ഷമാകുകയും ചെയ്യും. (*) ഈ വൃദ്ധിക്ഷയങ്ങളെയും അന്നന്നത്തെ സ്ഥാനങ്ങളെയും ഉദ്ദേശിച്ചാണ് مَنَازِل (ഭവനങ്ങൾ - അഥവാ സ്ഥാന മണ്ഡലങ്ങൾ) എന്ന് പറഞ്ഞിരിക്കുന്നത്. സൂറത്തുയാസീൻ 39ൽ وَالْقَمَرَ قَدَّرْنَاهُ مَنَازِلَ حَتَّىٰ عَادَ كَالْعُرْجُونِ الْقَدِيمِ (ചന്ദ്രന് നാം ചില ഭവനങ്ങൾ കണക്കാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ, അത് ഈത്തപ്പനയുടെ പഴകിയ കുലത്തണ്ടുപോലെ മടങ്ങുന്നതാണ്) എന്ന് പറഞ്ഞതിൽ നിന്ന് ഇത് മനസ്സിലാക്കാം.

(4) മേൽ സൂചിപ്പിച്ച മാറ്റങ്ങൾ മൂലം കൊല്ലങ്ങളും കണക്കും അറിയാറാക്കിയത്: സൂര്യന്റെ ഉദയാസ്തമയങ്ങളിൽ നിന്ന് ദിവസങ്ങളുടെയും , ഉയർച്ചതാഴ്ചകളിൽ നിന്ന് നാഴികവിനാഴികകളും കണക്കു കൂട്ടുന്നു. വടക്കോട്ടും തെക്കോട്ടുമുള്ള അയന ഗതിവിഗതികളിൽ നിന്നു സൗരമാസങ്ങളും കൊല്ലങ്ങളും കണക്കാക്കുന്നു. (**) ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളുടെ അടിസ്ഥാനത്തിൽ ചാന്ദ്ര മാസങ്ങളും, വർഷങ്ങളും കണക്കാക്കുന്നു.

(5) രാപ്പകലുകളുടെ വ്യത്യാസം: പകൽ വെളിച്ചം നിറഞ്ഞതാണെങ്കിൽ രാത്രി ഇരുട്ട് മൂടിയത്. ഒന്നു പോയാൽ പിന്നാലെ മറ്റേത് വരുന്നു. ഒന്നിന്റെ സമയത്തിൽ വർദ്ധനവുണ്ടായാൽ മറ്റേതിൽ അത് കുറവായി അനുഭവപ്പെടുന്നു.

(6) ആകാശഭൂമികളിലെ വസ്തുക്കളെ സൃഷ്ടിച്ചത്: ജീവജന്തുക്കൾ, നിർജ്ജീവ വസ്തുക്കൾ, സ്തൂല ശരീരമുള്ളതും ഇല്ലാത്തതുമായ വസ്തുക്കൾ, ഗോചരവും അഗോചരവുമായ വസ്തുക്കൾ, ഓരോന്നിലുമുള്ള തര വ്യത്യാസങ്ങൾ, വലുപ്പചെറുപ്പങ്ങൾ, പ്രയോജനങ്ങൾ , രൂപവ്യത്യാസങ്ങൾ ആദിയായി എണ്ണിയാലൊടുങ്ങാത്ത വൈവിദ്ധ്യങ്ങളും, അവയെല്ലാം വ്യവസ്ഥാപിതമായി നിലകൊള്ളുന്നതും.!

ഇവയെല്ലാം സാർവ്വത്രികമായ ഒരു വ്യവസ്ഥയനുസരിച്ച് യുക്തി യുക്തം അടുക്കും ചിട്ടയും വെച്ച് ഒന്നൊന്നിന് വിഘാതം വരുത്താതെ, നിമിഷം തെറ്റാതെ, അണുഅളവ് പിഴക്കാതെ സൃഷ്ടിച്ചു നിയന്ത്രിച്ചു പോരുന്ന ഒരു മഹാശക്തനായ സ്രഷ്ടാവ് ഇവയുടെയെല്ലാം പിന്നിലുണ്ടെന്നും, ആ ശക്തിയാണ് ഇതിന്റെയെല്ലാം ഉടമസ്ഥനും അധികാരസ്ഥനും എന്നു മനസ്സിലാക്കുവാനുണ്ടോ വല്ല പ്രയാസവും ?! പക്ഷേ, ദൃഷ്ടാന്തങ്ങളിൽ നിന്ന് തത്വങ്ങളും വാസ്തവങ്ങളും മനസ്സിലാക്കുവാനുള്ള തന്റേടവും, ഭവിഷ്യത്തുകളെക്കുറിച്ചു ബോധവും ഉള്ളവർക്കേ ഇതെല്ലാം പ്രയോജനപ്പെടുകയുള്ളൂ. അതാണ് ആദ്യത്തെ വചനത്തിൽ അറിയാവുന്ന ആളുകൾക്കാണ് ദൃഷ്ടാന്തങ്ങളെ വിശദീകരിക്കുന്നത് (يُفَصِّلُ الْآيَاتِ لِقَوْمٍ يَعْلَمُونَ) എന്നും, രണ്ടാമത്തെ വചനത്തിൽ, സൂക്ഷിക്കുന്നവർക്ക് ദൃഷ്ടാന്തങ്ങളുണ്ട് (لَآيَاتٍ لِقَوْمٍ يَتَّقُونَ) എന്നും പറഞ്ഞിരിക്കുന്നത്.

إِنَّ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا
وَرَضُوا۟ بِٱلْحَيَوٰةِ
ٱلدُّنْيَا وَٱطْمَأَنُّوا۟ بِهَا

﴾7﴿ നിശ്ചയമായും , നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാതിരിക്കുകയും, ഐഹിക ജീവിതം കൊണ്ടു തൃപ്തിപ്പെടുകയും, അതുകൊണ്ട് (മനസ്സ്) സമാധാന മടയു

(*) (**) പടം 8 നോക്കുക.

وَٱلَّذِينَ هُمۡ عَنۡ ءَايَٰتِنَا غَٰفِلُونَ ﴿٧﴾

കയും ചെയ്യുന്നവർ, നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ചു (ചിന്തിക്കാതെ) അശ്രദ്ധരായുള്ളവരും,-

أُوْلَٰٓئِكَ مَأۡوَىٰهُمُ ٱلنَّارُ بِمَا كَانُواْ يَكۡسِبُونَ ﴿٨﴾

﴾8﴿ (അതെ) അക്കൂട്ടർ, അവരുടെ സങ്കേതം നരകമാകുന്നു. അവർ (പ്രവർത്തിച്ചു) സമ്പാദിച്ചിരുന്നത് നിമിത്തം.

إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ يَهۡدِيهِمۡ رَبُّهُم بِإِيمَٰنِهِمۡۖ تَجۡرِي مِن تَحۡتِهِمُ ٱلۡأَنۡهَٰرُ فِي جَنَّٰتِ ٱلنَّعِيمِ ﴿٩﴾

﴾9﴿ നിശ്ചയമായും, വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ, അവരുടെ വിശ്വാസം നിമിത്തം അവരുടെ റബ്ബ് അവരെ സൻമാർഗത്തിലാക്കുന്നതാണ്. സുഖാനുഗ്രഹത്തിന്റെ സ്വർഗങ്ങളിൽ, അവരുടെ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകികൊണ്ടിരിക്കും.

﴾7﴿ إِنَّالَّذِينَ നിശ്ചയമായും യാതൊരുവർ لَا يَرْجُونَ അവർ പ്രതീക്ഷിക്കുന്നില്ല, അഭിലഷിക്കാത്ത لِقَاءَنَا നമ്മെ കാണുന്നതിനെ, നാമുമായി കണ്ടുമുട്ടുന്നതിനെ وَرَضُوا അവർ തൃപ്തിപ്പെടുകയും ചെയ്തു بِالْحَيَاةِ ജീവിതം കൊണ്ട് الدُّنْيَا ഇഹത്തിലെ (ഐഹിക) وَاطْمَأَنُّوا അവർ സമാധാനമടയുകയും ചെയ്തു بِهَا അതുകൊണ്ട്, അതിനാൽ وَالَّذِينَ യാതൊരു കൂട്ടരും هُمْ അവർ عَنْ آيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് غَافِلُونَ അശ്രദ്ധരാണ് ﴾8﴿ أُولَٰئِكَ അക്കൂട്ടർ مَأْوَاهُمُ അവരുടെ സങ്കേതം (പ്രാപ്യ- മടക്കസ്ഥാനം) النَّارُ നരകമാണ്, അഗ്നിയാകുന്നു بِمَا كَانُوا അവർ ആയിരുന്നതു നിമിത്തം يَكْسِبُونَ അവർ സമ്പാദിക്കും, ചെയ്തുവെക്കും ﴾9﴿ إِنَّ നിശ്ചയമായും الَّذِينَ آمَنُوا വിശ്വസിച്ചവർ وَعَمِلُوا പ്രവർത്തിക്കുകയും ചെയ്ത الصَّالِحَاتِ സൽക്കർമങ്ങളെ, നല്ല പ്രവൃത്തികൾ يَهْدِيهِمْ അവരെ സൻമാർഗത്തിലാക്കും رَبُّهُمْ അവരുടെ റബ്ബ് بِإِيمَانِهِمْ അവരുടെ വിശ്വാസം കൊണ്ട് (നിമിത്തം) تَجْرِي നടക്കും (ഒഴുകും) مِنْ تَحْتِهِمُ അവരുടെ അടിയിലൂടെ الْأَنْهَارُ അരുവി (നദി) കൾ فِي جَنَّاتِ സ്വർഗ (ആരാമ) ങ്ങളിൽ النَّعِيمِ സുഖാനുഗ്രഹത്തിന്റെ

دَعۡوَىٰهُمۡ فِيهَا سُبۡحَٰنَكَ ٱللَّهُمَّ وَتَحِيَّتُهُمۡ فِيهَا سَلَٰمٞۚ

﴾10﴿ അവിടങ്ങളിൽ അവരുടെ പ്രാർത്ഥന 'അല്ലാഹുവേ, നീ മഹാപരിശുദ്ധൻ !' [നിനക്കുസ്തോത്രം] എന്നുമായിരിക്കും ; അവിടത്തിൽ അവരുടെ ഉപചാരം 'സലാം' [സമാധാനം ശാന്തി!] എന്നുമായിരിക്കും.

അവരുടെ അവസാന പ്രാർത്ഥന 'സ്തുതി (യെല്ലാം) ലോക രക്ഷിതാവായ അല്ലാഹുവിനാണ്' എന്നുമായിരിക്കും

وَءَاخِرُ دَعْوَىٰهُمْ أَنِ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿١٠﴾

﴿10﴾ دَعْوَاهُمْ അവരുടെ പ്രാർത്ഥന, തേട്ടം, ആവശ്യം فِيهَا അവിടെവെച്ച്, അവിടത്തിൽ سُبْحَانَكَ നീ മഹാ പരിശുദ്ധൻ, നിനക്ക് സ്തോത്രം, നിന്നെ വാഴ്ത്തുന്നു (എന്നായിരിക്കും) اللَّهُمَّ അല്ലാഹുവേ وَتَحِيَّتُهُمْ അവരുടെ ഉപചാരം, കാഴ്ച, കാണിക്ക , അഭിവാദ്യം فِيهَا അതിൽ (അവിടത്തിൽ) سَلَامٌ സലാമായിരിക്കും, സമാധാനം- ശാന്തിയാണ് وَآخِرُ അവസാനത്തേത് دَعْوَاهُمْ അവരുടെ പ്രാർത്ഥനയുടെ أَنِ الْحَمْدُ സ്തുതി لِلَّهِ അല്ലാഹുവിനാണ് (എന്നായിരിക്കും) رَبِّ الْعَالَمِينَ ലോക രക്ഷിതാവായ, ലോകരുടെ റബ്ബായ

സ്വർഗത്തിലെ ഓരോ അനുഗ്രഹവും, ആനന്ദകരമായ സംവിധാനങ്ങളും കാണുമ്പോൾ, അവർ അല്ലാഹുവിന് സ്തോത്രകീർത്തനം ചെയ്യുകയും അവനെ സ്തുതിച്ചു വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യും. അവിടെ പ്രവേശിക്കുന്നതോടെ എല്ലാ ഭാഗത്തു നിന്നും അവരെ സലാം എന്ന് അഭിവാദ്യം ചെയ്യും. അല്ലാഹുവിനെ കാണുമ്പോഴും അവർക്ക് സലാമിന്റെ അഭിവാദ്യം ലഭിക്കുന്നു. (33 : 44) മലക്കുകളിൽ നിന്നും സലാം ലഭിക്കുന്നു. (39 : 73) തമ്മതമ്മിലും സലാമിന്റെ ഉപചാരം നടന്നുകൊണ്ടിരിക്കും . (56 : 25, 26) അവർ എന്ത് ഇച്ഛിക്കുന്നുവോ അതെല്ലാം അവർക്ക് കിട്ടും. അവർ എന്തെല്ലാം ആവശ്യപ്പെടുന്നുവോ അതും അവർക്ക് കിട്ടും. (41 : 31) അപ്പോഴെല്ലാം അവർ അല്ലാഹുവിന് സ്തുതി കീർത്തനം നടത്തുമെന്ന് പറയേണ്ടതില്ലല്ലോ.

വിഭാഗം - 2

﴿11﴾ മനുഷ്യർ നൻമക്ക് ധൃതികൂട്ടുന്ന പ്രകാരം അല്ലാഹു അവർക്ക് തിൻമയെ ധൃതിപ്പെടുത്തി (കൊടുത്തി) രുന്നുവെങ്കിൽ അവർക്ക് അവരുടെ അവധി തീരുമാനിക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു.

۞ وَلَوْ يُعَجِّلُ ٱللَّهُ لِلنَّاسِ ٱلشَّرَّ ٱسْتِعْجَالَهُم بِٱلْخَيْرِ لَقُضِىَ إِلَيْهِمْ أَجَلُهُمْ ۖ

എന്നാൽ, നാമുമായി കണ്ടു മുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവരെ, അവരുടെ ധിക്കാരത്തിൽ അന്ധാളിച്ചു (അലഞ്ഞു) കൊണ്ടു നാം വിട്ടുകളയുകയാണ്.

فَنَذَرُ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا فِى طُغْيَٰنِهِمْ يَعْمَهُونَ ﴿١١﴾

﴿11﴾ وَلَوْ يُعَجِّلُ ധൃതിപ്പെടുത്തി (ബദ്ധപ്പെടുത്തി) യിരുന്നെങ്കിൽ اللَّهُ അല്ലാഹു لِلنَّاسِ മനുഷ്യർക്ക് الشَّرَّ തിൻമയെ, ദോഷത്തെ اسْتِعْجَالَهُمْ അവരുടെ ബദ്ധപ്പെടൽ (പ്രകാരം) بِالْخَيْرِ നൻമക്ക്, ഗുണത്തെപ്പറ്റി لَقُضِيَ തീരുമാനിക്കപ്പെടുക തന്നെ ചെയ്യും

(വിധികഴിയുമായിരുന്നു) إِلَيْهِمْ അവർക്ക് أَجَلُهُمْ അവരുടെ അവധി فَنَذَرُ എന്നാൽ നാം വിട്ടുകളയുന്നു. الَّذِينَ لَا يَرْجُونَ പ്രതീക്ഷിക്കാത്തവരെ لِقَاءَنَا നാമുമായി കണ്ടുമുട്ടുന്നതിനെ فِي طُغْيَانِهِمْ അവരുടെ അതിരു കവിച്ചലിൽ, ധിക്കാരത്തിൽ يَعْمَهُونَ അവർ അന്തം വിട്ടു (അലഞ്ഞു) കൊണ്ട്.

മനുഷ്യൻ സ്വഭാവേന അക്ഷമനും ധൃതശീലനുമാണ്. (وَكَانَ الْإِنْسَانُ عَجُولًا (الاسراء:11 എന്തെങ്കിലും ആശാഭംഗമോ ആപത്തോ വരുമ്പോഴേക്കും അവൻ തന്റെ ധനത്തെയും, മക്കളെയും, സമൂഹത്തെയും ചിലപ്പോൾ തന്നെത്തന്നെയും ശപിച്ചു തുടങ്ങും. അവക്കെതിരെ പ്രാർത്ഥിക്കുകയും ചെയ്യും. 'നശിക്കട്ടെ! തുലയട്ടെ! മരിച്ചുപോയെങ്കിൽ!' എന്നിത്യാദി വാക്കുകൾ പറയുകയും , അവയെ നശിപ്പിക്കാനും തുലക്കുവാനും ശ്രമം നടത്തുകയും ചെയ്തേക്കും. മുന്നാലോചനയും പിന്നാലോചനയുമില്ല. ദീർഘദൃഷ്ടിയോ ശുഭപ്രതീക്ഷയോ ഇല്ല. മനുഷ്യന്റെ പൊതുനിലയാണിത്. മുശ്രിക്കുകളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, നബിﷺ പറയുന്നതിനെപ്പറ്റി ആലോചിക്കുവാനും ചിന്തിക്കുവാനും അവർ ഒരുക്കമല്ല. ഇതൊക്കെയാണ് യഥാർത്ഥ സത്യമെങ്കിൽ ഞങ്ങളുടെ മേൽ കൽമഴ പെയ്തുകൊള്ളട്ടെ! അല്ലെങ്കിൽ വല്ല കഠിന ശിക്ഷയും വന്നുകൊള്ളട്ടെ! എന്നൊക്കെയാണ് അവരുടെ നില. (8 : 32) ഇതുപോലെ അല്ലാഹുവും അവരുടെ മേൽ ധൃതഗതിയിൽ നടപടിയെടുക്കുകയാണെങ്കിൽ അവരുടെ കഥ തന്നെ കഴിഞ്ഞുപോകുമായിരുന്നു. പക്ഷേ, അല്ലാഹു സഹനമുള്ളവനും യുക്തിമാനുമാണ്. അവൻ, അവരെ തങ്ങളുടെ തോന്നിവാസങ്ങളിൽ യഥേഷ്ടം വിഹരിച്ചുകൊണ്ട് അലഞ്ഞു നടക്കുവാൻ വിട്ടുകൊടുക്കുകയാണ് ചെയ്തിരിക്കുന്നത്. അവരുടെ ചെയ്തികളെക്കുറിച്ചുള്ള നടപടി വഴിയെ എടുക്കാമെന്ന് വെച്ചിരിക്കുകയാണെന്ന് സാരം.

وَإِذَا مَسَّ ٱلْإِنسَٰنَ ٱلضُّرُّ دَعَانَا لِجَنۢبِهِۦٓ أَوْ قَاعِدًا أَوْ قَآئِمًا

﴾12﴿ മനുഷ്യനെ ഉപദ്രവം (അഥവാ ബുദ്ധിമുട്ട്) ബാധിച്ചാൽ, അവന്റെ (ഒരു) വശത്തേക്കായി (കിടന്നു) കൊണ്ട്, അല്ലെങ്കിൽ ഇരുന്നുകൊണ്ട്, അല്ലെങ്കിൽ നിന്നുകൊണ്ട് അവൻ നമ്മെ വിളി (ച്ചു പ്രാർത്ഥി) ക്കുന്നതാണ്

فَلَمَّا كَشَفْنَا عَنْهُ ضُرَّهُۥ مَرَّ كَأَن لَّمْ يَدْعُنَآ إِلَىٰ ضُرٍّ مَّسَّهُۥ ۚ

എന്നിട്ട് അവനിൽ നിന്ന് അവന്റെ ഉപദ്രവത്തെ (ബുദ്ധിമുട്ടിനെ) നാം നീക്കുമ്പോഴോ, അവന് ബാധിച്ച വല്ല ഉപദ്രവത്തിന് (അഥവാ ബുദ്ധിമുട്ടിന്) വേണ്ടിയും അവൻ നമ്മെ വിളി (ച്ചു പ്രാർത്ഥി) ച്ചിട്ടില്ലാത്ത പോലെ അവൻ നടക്കുന്നതാണ്.

كَذَٰلِكَ زُيِّنَ لِلْمُسْرِفِينَ

അപ്രകാരം, അതിരുകവിയുന്നവർക്ക് തങ്ങൾ പ്രവർത്തിച്ചുകൊണ്ടി

مَا كَانُوا۟ يَعْمَلُونَ ﴿١٢﴾

രിക്കുന്നത് അലങ്കാരമായി കാണിക്കപ്പെട്ടിരിക്കുന്നു.

﴾12﴿ وَإِذَامَسَّ ബാധിച്ചാൽ, സ്പർശിച്ചാൽ الْإِنْسَانَ മനുഷ്യനെ الضُّرُّ ഉപദ്രവം, ബുദ്ധിമുട്ട്, കഷ്ടത دَعَانَا അവൻ നമ്മെ വിളിക്കും, പ്രാർത്ഥിക്കുന്നതാണ് لِجَنْبِهِ അവന്റെ ഭാഗത്തേക്കായി, വശത്തേക്ക് (കിടന്ന്) أَوْقَاعِدًا അല്ലെങ്കിൽ ഇരുന്നുകൊണ്ട് أَوْقَآئِمًا അല്ലെങ്കിൽ നിന്നു കൊണ്ട് فَلَمَّا كَشَفْنَا എന്നിട്ട് നാം തുറവിയാക്കുമ്പോൾ, നീക്കം ചെയ്താൽ عَنْهُ അവനിൽ നിന്ന് ضُرَّهُ അവന്റെ ഉപദ്രവം, ബുദ്ധിമുട്ട് مَرَّ അവൻ നടക്കും كَأَنْ لَمْ ഇല്ലാത്തപോലെ يَدْعُنَا അവൻ നമ്മെ വിളിച്ചിട്ട്, പ്രാർത്ഥിച്ചിട്ട് (ഇല്ലാത്ത പോലെ) إِلَىٰ ضُرٍّ ഒരു ഉപദ്രവത്തിലേക്കും, ബുദ്ധിമുട്ടിന് വേണ്ടിയും مَسَّهُ അവനെ ബാധിച്ച كَذَٰلِكَ അപ്രകാരം زُيِّنَ അലങ്കാരമാക്ക (ഭംഗിയാക്ക) പ്പെട്ടിരിക്കുന്നു لِلْمُسْرِفِينَ അതിരുകവിയുന്നവർക്ക് مَاكَانُوا അവരായികൊണ്ടിരിക്കുന്നത് يَعْمَلُونَ അവർ പ്രവർത്തിക്കും.

മനുഷ്യന്റെ പൊതുവെയുളള ഒരു ദുഃസ്വഭാവമാണിതും. വല്ല ബുദ്ധിമുട്ടോ, വിഷമമോ അനുഭവപ്പെടുമ്പോൾ വിനയഭാവത്തോടെ അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കും, കിടന്നും ഇരുന്നും നിന്നുമൊക്കെ അല്ലാഹുവിലേക്ക് കൈനീട്ടിക്കൊണ്ടിരിക്കും. തന്നെ സഹായിക്കുവാൻ അല്ലാഹു മാത്രമാണെന്ന് അവന്റെ വാക്കിലും ഭാവത്തിലും അവൻ പ്രകടിപ്പിക്കും. ആ ബുദ്ധിമുട്ടും വിഷമവും അല്ലാഹു നീക്കിക്കൊടുത്താലോ? മുമ്പ് കഴിഞ്ഞതൊന്നും അവൻ ഓർമിക്കുകയില്ല. അതിൽ നന്ദി പ്രകടിപ്പിക്കുകയുമില്ല. പിന്നീടുളള അവന്റെ നടപടിയും നിലപാടും കണ്ടാൽ, മുമ്പൊരിക്കലും അല്ലാഹുവിനെ അവന് വിളിച്ചു പ്രാർത്ഥിക്കേണ്ടി വന്നിട്ടില്ലെന്ന് തോന്നും . ഇത് നന്ദികേടും , നീതിലംഘനവുമാണല്ലോ. ഇത്തരക്കാർക്ക് അവർ ചെയ്യുന്നതൊക്കെ ഭൂഷണമായി തോന്നുന്നതാണ്. അഥവാ പിശാച് അങ്ങനെ തോന്നിപ്പിക്കും. ഈ ദുഃസ്വഭാവം സത്യവിശ്വാസികളിൽ ഉണ്ടായിക്കൂടാ എന്നത്രെ ഇതിലടങ്ങിയിരിക്കുന്ന പാഠം.

നബിﷺ പറയുന്നു: ' സത്യവിശ്വാസികളുടെ കാര്യം ആശ്ചര്യം തന്നെ ! അവന് അല്ലാഹു ഏത് കാര്യം വിധിച്ചാലും അതവന് ഗുണകരമാകാതിരിക്കുകയില്ല. അതായത്, അവന് വല്ല കഷ്ടതയും ബാധിച്ചാൽ അവൻ ക്ഷമിക്കും. അങ്ങനെ, അതവന് ഗുണമായി ത്തീരും. അവന് വല്ല സന്തോഷവും ബാധിച്ചാൽ അവൻ നന്ദിചെയ്യും. അങ്ങനെ അതും അവന് ഗുണമായിത്തീരും ഇത് സത്യവിശ്വാസികൾക്കല്ലാതെ മറ്റാർക്കും ഇല്ല.' (മു)

وَلَقَدْ أَهْلَكْنَا ٱلْقُرُونَ مِن قَبْلِكُمْ لَمَّا ظَلَمُوا۟ ۙ

﴾13﴿ **നിങ്ങളുടെ മുമ്പ് (പല) തലമുറകളെ, അവർ അക്രമം പ്രവർത്തിച്ചപ്പോൾ നാം നശിപ്പിക്കുകയുണ്ടായിട്ടുണ്ട് ;**

وَجَآءَتْهُمْ رُسُلُهُم بِٱلْبَيِّنَـٰتِ

അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി അവരുടെ അരികെ ചെല്ലുകയും ചെയ്തിരുന്നു (എന്നിട്ടും)

وَمَا كَانُوا۟ لِيُؤْمِنُوا۟ ۚ

അവർ വിശ്വസിക്കുവാൻ (തയ്യാർ) ആയിരുന്നതുമില്ല.

كَذَٰلِكَ نَجْزِى ٱلْقَوْمَ ٱلْمُجْرِمِينَ ﴿١٣﴾

അപ്രകാരമത്രെ, കുറ്റവാളികളായ ജനങ്ങൾക്ക് നാം പ്രതിഫലം നൽകുന്നത്.

ثُمَّ جَعَلْنَٰكُمْ خَلَٰٓئِفَ فِى ٱلْأَرْضِ مِنۢ بَعْدِهِمْ لِنَنظُرَ كَيْفَ تَعْمَلُونَ ﴿١٤﴾

﴾14﴿ പിന്നീട്, അവരുടെ ശേഷം (ഇതാ) നിങ്ങളെ ഭൂമിയിൽ നാം (അവരുടെ) പിൻഗാമികളാക്കിയിരിക്കുന്നു; നിങ്ങൾ എങ്ങിനെ പ്രവർത്തിക്കുന്നുവെന്ന് നാം (പരിശോധിച്ചു) നോക്കുവാൻ വേണ്ടി.

﴾13﴿ وَلَقَدْ أَهْلَكْنَا തീർച്ചയായും നാം നശിപ്പിച്ചിട്ടുണ്ട് الْقُرُونَ തലമുറകളെ, കാലക്കാരെ مِن قَبْلِكُمْ നിങ്ങളുടെ മുമ്പ് لَمَّا ظَلَمُوا അവർ അക്രമം ചെയ്തപ്പോൾ وَجَاءَتْهُمْ അവർക്ക് വരുക (ചെല്ലുക) യും ചെയ്തു, വന്നുതാനും رُسُلُهُم അവരുടെ റസൂലുകൾ بِالْبَيِّنَاتِ തെളിവുകളുമായി وَمَا كَانُوا അവരായിത്തീർന്നതുമില്ല لِيُؤْمِنُوا അവർ വിശ്വസിക്കുവാൻ (തയ്യാർ) كَذَٰلِكَ അപ്രകാരം, അതുപോലെ نَجْزِي നാം പ്രതിഫലം നൽകുന്നു الْقَوْمَ ജനങ്ങൾക്ക് الْمُجْرِمِينَ കുറ്റവാളികളായ ﴾14﴿ ثُمَّ പിന്നീട് جَعَلْنَاكُمْ നിങ്ങളെ നാം ആക്കി خَلَائِفَ പിൻഗാമികൾ, പിന്നിൽ വന്നവർ فِي الْأَرْضِ ഭൂമിയിൽ مِن بَعْدِهِمْ അവരുടെ ശേഷം لِنَنظُرَ നാം നോക്കുവാൻ വേണ്ടി كَيْفَ എങ്ങിനെ تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നു (എന്ന്).

ഈ വചനങ്ങളിലടങ്ങിയ ആശയം വ്യക്തമാണ്. അതതു കാലത്തെ ദൈവദൂതന്മാർ അവരവരുടെ ജനങ്ങൾക്ക് വേണ്ടത്ര തെളിവുകൾ സഹിതം ഉപദേശം നൽകിക്കൊണ്ടിരുന്നു. എന്നിട്ടും അത് സ്വീകരിക്കാതെ നിഷേധത്തിലും ധിക്കാരത്തിലും മുഴുകുകയാണ് പല തലമുറകളും ചെയ്തത്. അതിനാൽ അവർ അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമായി. എനി, നിങ്ങളുടെ നിലപാട് എന്തായിരിക്കുമെന്ന് പരീക്ഷിച്ചു നോക്കുവാൻ വേണ്ടി ഇപ്പോൾ നിങ്ങളെയും ഇതാ രംഗത്തിറക്കിയിരിക്കുന്നു എന്ന് ചുരുക്കം. അവരെപ്പോലെ നിങ്ങളും ചെയ്യുകയാണെങ്കിൽ നിങ്ങളുടെയും ഗതി നാശം തന്നെയായിരിക്കുമെന്നുള്ള ഒരു താക്കീതാണിതിൽ ധ്വനിക്കുന്നത്.

നബിﷺ അരുളിച്ചെയ്തതായി അബൂസഈദ് (റ) ഉദ്ധരിക്കുന്നു: 'നിശ്ചയമായും ഇഹലോകം മധുരമയവും, പച്ചപിടിച്ചതുമാകുന്നു. അല്ലാഹു അതിൽ നിങ്ങളെ (മാറിമാറി വരുന്ന) പിൻഗാമികളാക്കിക്കൊണ്ടിരിക്കുന്നതും, എന്നിട്ട് നിങ്ങൾ എന്തു പ്രവർത്തിക്കുന്നുവെന്ന് നോക്കുന്നതുമാകുന്നു. അതിനാൽ, നിങ്ങൾ ഇഹലോകത്തെ സൂക്ഷിക്കുവിൻ. സ്ത്രീകളെയും സൂക്ഷിക്കുവിൻ. കാരണം, ഇസ്റാഈല്യരിലുണ്ടായ ഒന്നാമത്തെ കുഴപ്പം സ്ത്രീകൾ നിമിത്തമായിരുന്നു'. (മുസ്‌ലിം)

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَاتُنَا بَيِّنَٰتٍ ۙ

﴾15﴿ വ്യക്തമായ തെളിവുകളായി കൊണ്ട് നമ്മുടെ ആയത്തു [വചനം]

قَالَ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا ٱئْتِ بِقُرْءَانٍ غَيْرِ هَٰذَآ أَوْ بَدِّلْهُ ۚ

കൾ അവർക്ക് ഓതിക്കൊടുക്കപ്പെടുന്നതായാൽ, നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവർ പറയുന്നതാണ്: 'ഇതല്ലാത്ത ഒരു ക്വുർആൻ (പാരായണ ഗ്രന്ഥം) താൻ കൊണ്ടുവരുക, അല്ലെങ്കിൽ അതിനെ (ഭേദഗതി ചെയ്തു) മാറ്റം വരുത്തുക' എന്ന്!

قُلْ مَا يَكُونُ لِىٓ أَنْ أُبَدِّلَهُۥ مِن تِلْقَآئِ نَفْسِىٓ ۖ إِنْ أَتَّبِعُ إِلَّا مَا يُوحَىٰٓ إِلَىَّ ۖ إِنِّىٓ أَخَافُ إِنْ عَصَيْتُ رَبِّى عَذَابَ يَوْمٍ عَظِيمٍ ﴿١٥﴾

(നബിയേ,) പറയുക: 'എന്റെ സ്വന്തം വകയായി അതിനെ മാറ്റം വരുത്തുവാൻ എനിക്ക് പാടില്ല; എനിക്ക് 'വഹ്‌യ്' [ദിവ്യസന്ദേശം] നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻപറ്റുന്നില്ല. നിശ്ചയമായും, എന്റെ റബ്ബിനോട് ഞാൻ അനുസരണക്കേട് ചെയ്താൽ, വമ്പിച്ച ഒരു ദിവസത്തിലെ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു.'

قُل لَّوْ شَآءَ ٱللَّهُ مَا تَلَوْتُهُۥ عَلَيْكُمْ وَلَآ أَدْرَىٰكُم بِهِۦ ۖ فَقَدْ لَبِثْتُ فِيكُمْ عُمُرًا مِّن قَبْلِهِۦٓ ۚ أَفَلَا تَعْقِلُونَ ﴿١٦﴾

﴾16﴿ പറയുക: 'അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ, നിങ്ങൾക്ക് ഞാനതു ഓതിക്കേൾപ്പിക്കുകയാകട്ടെ, അതിനെപ്പറ്റി നിങ്ങളെ അവൻ അറിയിക്കുകയാകട്ടെ ചെയ്യുമായിരുന്നില്ല.

ഞാൻ നിങ്ങളിൽ ഇതിന് മുമ്പ് ഒരു (നീണ്ട) പ്രായം കഴിഞ്ഞുകൂടിയിട്ടുണ്ടല്ലോ. അപ്പോൾ, നിങ്ങൾ ബുദ്ധികൊടു (ത്തു ചിന്തി) ക്കുന്നില്ലേ?!'

﴾15﴿ وَإِذَا تُتْلَىٰ ഓതിക്കേൾപ്പിക്ക (കൊടുക്ക) പ്പെട്ടാൽ عَلَيْهِمْ അവർക്ക്, അവരിൽ آيَاتُنَا നമ്മുടെ ആയത്തുകൾ بَيِّنَاتٍ തെളിവുകളായി, വ്യക്തങ്ങളായ നിലയിൽ قَالَ പറയുന്നതാണ് الَّذِينَ യാതൊരുകൂട്ടർ لَا يَرْجُونَ പ്രതീക്ഷിക്കാത്ത لِقَاءَنَا നാമുമായി കണ്ടുമുട്ടുന്നതിനെ ائْتِ നീ (താൻ) വാ, തരുക بِقُرْآنٍ ഒരു ക്വുർആൻകൊണ്ട്, വല്ല പാരായണ ഗ്രന്ഥത്തെയും غَيْرِ هَٰذَا ഇതല്ലാത്ത أَوْ بَدِّلْهُ അല്ലെങ്കിൽ അതിനെ മാറ്റം വരുത്തുക, ഭേദഗതി ചെയ്യുക قُلْ നീ പറയുക مَا يَكُونُ لِي എനിക്കാവുകയില്ല (പാടില്ല) أَنْ أُبَدِّلَهُ അതിനെ മാറ്റം വരുത്തുവാൻ, مِنْ تِلْقَاءِ ഭാഗത്തു നിന്ന് (വകയായി) نَفْسِي എന്റെ സ്വന്തം إِنْ أَتَّبِعُ ഞാൻ പിൻപറ്റുന്നില്ല إِلَّا مَا യാതൊന്നല്ലാതെ يُوحَىٰ إِلَيَّ എനിക്ക്

വഹ്‌യ് നൽകപ്പെടുന്ന إِنِّيٓ أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു إِنۡ عَصَيۡتُ ഞാൻ എതിര് (അനുസരണക്കേട്) ചെയ്തെങ്കിൽ رَبِّي എന്റെ റബ്ബ്, റബ്ബിനോട് عَذَابَ يَوۡمٍ ഒരു ദിവസത്തെ ശിക്ഷയെ عَظِيمٍ വമ്പിച്ച, മഹാ ﴾16﴿ قُل നീ പറയുക لَوۡ شَآءَ ٱللَّهُ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ مَا تَلَوۡتُهُۥ ഞാൻ അത് ഓതുമായിരുന്നില്ല, ഓതിക്കേൾപ്പിക്കില്ലായിരുന്നു عَلَيۡكُمۡ നിങ്ങൾക്ക് وَلَآ أَدۡرَىٰكُم അവൻ നിങ്ങളെ അറിയിക്കുകയുമില്ലായിരുന്നു بِهِۦ അതിനെപ്പറ്റി فَقَدۡ لَبِثۡتُ തീർച്ചയായും ഞാൻ താമസിച്ചിട്ടുണ്ട്, കഴിഞ്ഞുകൂടുകയുണ്ടായി فِيكُمۡ നിങ്ങളിൽ, നിങ്ങൾക്കിടയിൽ عُمُرًا പ്രായം مِّن قَبۡلِهِۦٓ ഇതിന്റെ (അതിന്റെ) മുമ്പ് أَفَلَا تَعۡقِلُونَ അപ്പോൾ നിങ്ങൾ ബുദ്ധികൊടുക്കുന്നില്ലേ.

قرآن (ക്വുർആൻ) എന്ന വാക്കിന് അധികമായി വായിക്കപ്പെടുന്നത്- പാരായണഗ്രന്ഥം- എന്നർത്ഥമാകുന്നു. അതിന്റെ ആദ്യത്തിൽ ال എന്ന അവ്യയം ചേരുമ്പോൾ അതുകൊണ്ട് വിശുദ്ധ ക്വുർആൻ പ്രത്യേകം ഉദ്ദേശിക്കപ്പെടുന്നു.

മക്കാമുശ്‌രിക്കുകളെക്കുറിച്ചാണ് ഈ വചനങ്ങളിലെ പരാമർശം. ക്വുർആന്റെ തത്വസിദ്ധാന്തങ്ങൾ സ്വീകരിക്കുവാൻ തയ്യാറില്ലാത്ത അവർ, നബിﷺയോട് പറയുകയാണ്: ഏകദൈവസിദ്ധാന്തം, പരലോകം, പുനർജ്ജീവിതം പോലെയുള്ള വിഷയങ്ങളടങ്ങിയ ഈ ക്വുർആൻ അല്ലാത്ത വേറെവല്ല ക്വുർആനും നീ കൊണ്ടുവന്നാൽ, അല്ലെങ്കിൽ ഇതിൽ ആവശ്യമായ ഭേദഗതികൾ ചെയ്തു ഇതിനൊരു മാറ്റം വരുത്തിയാൽ, ഞങ്ങൾ ഇത് സ്വീകരിച്ചുകൊള്ളാമെന്ന്. ഇവരോട് പറയുവാൻ അല്ലാഹു കൽപിച്ച മറുപടിയുടെ സാരം ഇതാണ്: ഇത് എന്റെ വകയല്ല, അല്ലാഹുവിന്റെ വകയാണ്. അത് അതേപടി പിൻപറ്റുകയല്ലാതെ എനിക്ക് നിവൃത്തിയില്ല. അതിൽ വല്ല മാറ്റത്തിരുത്തലും വരുത്തിയാൽ ഞാൻ ക്വിയാമത്തു നാളിൽ അതിഭയങ്കരമായ ശിക്ഷ അനുഭവിക്കേണ്ടി വരും. നിങ്ങൾക്ക് ഇത് ഓതിക്കേൾപ്പിക്കുവാനും , അതിലെ സിദ്ധാന്തങ്ങൾ നിങ്ങളുടെ മുമ്പിൽ വെക്കുവാനും ഞാൻ സ്വയം മുതിർന്നതല്ല, അല്ലാഹുവിന്റെ ഉദ്ദേശ്യവും കൽപനയും അനുസരിച്ചാണ്. കുറേ കാലത്തോളം - നാല്പതു കൊല്ലക്കാലം- ഇതിന് മുമ്പ് നിങ്ങളുടെ ഇടയിൽ നിങ്ങളെപ്പോലെ ഒരുവനായി ഞാൻ കഴിഞ്ഞുകൂടുകയുണ്ടായി. അന്നൊന്നും ഞാൻ ഇങ്ങനെ പറയുകയും ചെയ്യുകയുമുണ്ടായില്ല. എന്നെപ്പറ്റി അന്നൊന്നും നിങ്ങൾക്ക് ആക്ഷേപമുണ്ടായിരുന്നില്ല. ഇപ്പോൾ - ഈ വാർദ്ധക്യത്തിലേക്ക് തിരിയുകയും ബുദ്ധി ഉറക്കുകയും ചെയ്ത കാലത്ത്- നിങ്ങളെ സമീപിക്കുവാൻ തുടങ്ങിയത് എന്റെ ഇച്ഛകൊണ്ടല്ലെന്നും, അല്ലാഹുവിന്റെ കൽപനക്ക് വിധേയനായിട്ടായിരിക്കുമെന്നും നിങ്ങൾ ബുദ്ധി കൊടുത്ത് ആലോചിച്ചാൽ നിങ്ങൾക്കുതന്നെ ബോദ്ധ്യപ്പെടുന്നതാണ്. നിങ്ങൾക്ക് ഒന്ന് ചിന്തിച്ചു നോക്കിക്കൂടെ?!

റോമാചക്രവർത്തി ഹിറക്വലിയൂസിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള നബിﷺയുടെ കത്ത് കിട്ടിയപ്പോൾ, അവിടെ (ശാമിൽ) കച്ചവടാർത്ഥം ചെന്നിരുന്ന അബൂസുഫ്‌യാനെയും മറ്റും ദർബാറിൽ വിളിച്ചു വരുത്തി നബിﷺയെക്കുറിച്ച് രാജാവ് പലതും ചോദിച്ചറിഞ്ഞ സംഭവം പ്രസിദ്ധമാണ്. അന്ന് അബൂസുഫ്‌യാൻ (റ) മുസ്‌ലിമായിരുന്നില്ല. നബിﷺയുടെ ശത്രുക്കളുടെ നേതാവ് കൂടിയായിരുന്നു. എന്നിട്ടും മുമ്പ് നബി കളവ് പറഞ്ഞിരുന്നതായി നിങ്ങൾ അദ്ദേഹത്തെപ്പറ്റി തെറ്റിദ്ധരിച്ചിരുന്നുവോ എന്ന ഹിറക്വലിയൂസിന്റെ ചോദ്യത്തിന് അബൂസുഫ്‌യാൻ (റ) ഉത്തരം നൽകിയത് 'ഇല്ല' എന്നായിരുന്നു. അപ്പോൾ ഹിറക്വലിയൂസ് പറഞ്ഞു: 'എന്നാലദ്ദേഹം, ജനങ്ങളെപ്പറ്റി കളവ് പറയാതിരിക്കുകയും, അതോടെ അല്ലാഹുവിനെപ്പറ്റി കളവ് പറയുവാൻ ശ്രമിക്കുകയും

ചെയ്യുകയുണ്ടാവില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു.' ഇതുപോലെ അബിസീനിയരാജാവായ നജ്ജാശീ (നെഗാശീ) യുടെ മുമ്പിൽവെച്ച് നബിﷺയെ പരിചയപ്പെടുത്തിയ കൂട്ടത്തിൽ ജഅ്ഫറുബ്നു അബീത്വാലിബും (റ) ഇപ്രകാരം പറഞ്ഞിരുന്നു; 'ഞങ്ങളിൽ അല്ലാഹു ഒരു റസൂലിനെ അയച്ചു തന്നിരിക്കുന്നു. അദ്ദേഹത്തിന്റെ സത്യതയും, തറവാടും, വിശ്വസ്തതയും ഞങ്ങൾക്കറിയാവുന്നതാണ്. അദ്ദേഹം നാൽപതുകൊല്ലം ഞങ്ങൾക്കിടയിൽ കഴിഞ്ഞുകൂടിയിട്ടുണ്ട്........'

فَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ كَذَّبَ بِـَٔايَـٰتِهِۦٓ ۚ إِنَّهُۥ لَا يُفْلِحُ ٱلْمُجْرِمُونَ ﴿١٧﴾

《17》 അപ്പോൾ, അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമക്കുകയോ, അല്ലെങ്കിൽ അവന്റെ 'ആയത്തു' [വചനം]കളെ വ്യാജമാക്കുകയോ ചെയ്തവനെക്കാൾ അക്രമി ആരുണ്ട്?! നിശ്ചയമായും കാര്യം, കുറ്റവാളികൾ വിജയിക്കുകയില്ല.

وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَـٰٓؤُلَآءِ شُفَعَـٰٓؤُنَا عِندَ ٱللَّهِ ۚ قُلْ أَتُنَبِّـُٔونَ ٱللَّهَ بِمَا لَا يَعْلَمُ فِى ٱلسَّمَـٰوَٰتِ وَلَا فِى ٱلْأَرْضِ ۚ

《18》 അല്ലാഹുവിനുപുറമെ, തങ്ങൾക്ക് ഉപദ്രവം ചെയ്യാത്തതും, ഉപകാരം ചെയ്യാത്തതുമായതിനെ അവർ ആരാധിച്ചുവരുന്നു; 'ഇവർ [ആ ആരാധ്യവസ്തുക്കൾ] അല്ലാഹുവിന്റെ അടുക്കൽ ഞങ്ങളുടെ ശുപാർശക്കാരാകുന്നു' വെന്ന് അവർ പറയുകയും ചെയ്യുന്നു. പറയുക ; 'ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ (ഉള്ളതായി) അല്ലാഹു അറിയാത്ത കാര്യത്തെപ്പറ്റി നിങ്ങൾ അവന് വിവരമറിയിക്കുകയാണോ?!'

سُبْحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يُشْرِكُونَ ﴿١٨﴾

അവൻ മഹാപരിശുദ്ധൻ ! അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവൻ അത്യുന്നതി പ്രാപിക്കുകയും ചെയ്തിരിക്കുന്നു.'

《17》 فَمَنْ അപ്പോൾ ആർ أَظْلَمُ അധികം അക്രമി مِمَّنِ افْتَرَىٰ കെട്ടിച്ചമച്ചവനെ (രെ) ക്കാൾ عَلَى اللَّهِ അല്ലാഹുവിന്റെ പേരിൽ (മേൽ) كَذِبًا വ്യാജം, കളവ് أَوْ كَذَّبَ അല്ലെങ്കിൽ വ്യാജമാക്കിയ بِآيَاتِهِ അവന്റെ ആയത്തു (വചനം- ലക്ഷ്യം) കളെ إِنَّهُ നിശ്ചയമായും അത് (കാര്യം) لَا يُفْلِحُ വിജയിക്കുകയില്ല الْمُجْرِمُونَ കുറ്റവാളികൾ. 《18》 وَيَعْبُدُونَ അവർ ആരാധിച്ചുവരുന്നു مِن دُونِ اللَّهِ അല്ലാഹുവിനു പുറമെ مَا لَا يَضُرُّهُمْ അവർക്ക് ഉപദ്രവം ചെയ്യാത്തതിനെ وَلَا يَنفَعُهُمْ അവർക്ക് ഉപകാരവും ചെയ്യാത്ത

وَيَقُولُونَ അവർ പറയുകയും ചെയ്യുന്നു هَٰؤُلَاءِ ഇവർ, ഇക്കൂട്ടർ شُفَعَاؤُنَا ഞങ്ങളുടെ ശുപാർശക്കാരാകുന്നു, ശുപാർശകരാണ് عِندَ اللَّهِ അല്ലാഹുവിന്റെ അടുക്കൽ قُلْ നീ പറയുക أَتُنَبِّئُونَ നിങ്ങൾ വിവരമറിയിക്കുകയോ اللَّهَ അല്ലാഹുവിന് بِمَا لَا يَعْلَمُ അവൻ അറിയാത്തതിനെ (അറിയാത്ത കാര്യത്തെ) പറ്റി فِي السَّمَاوَاتِ ആകാശങ്ങളിലും وَلَا فِي الْأَرْضِ ഭൂമിയിലും ഇല്ല (ഇല്ലാത്ത) سُبْحَانَهُ അവൻ മഹാ പരിശുദ്ധൻ, അവന് സ്തോത്രം وَتَعَالَىٰ അവൻ അത്യുന്നതി പ്രാപിക്കുകയും ചെയ്തിരിക്കുന്നു عَمَّا يُشْرِكُونَ അവർ പങ്കുചേർക്കുന്നതിൽ നിന്ന്

ആരാധിക്കപ്പെടുന്ന വസ്തു - അത് കല്ലോ, മരമോ, മനുഷ്യനോ, ദേവീദേവൻമാരോ, ജീവനുള്ളതോ, മരണപ്പെട്ടതോ ഏതായാലും ശരി- അതിന്റെ ആരാധകൻമാർക്ക് വല്ല ഗുണമോ ദോഷമോ ചെയ്‌വാൻ കഴിയുന്നതായിരിക്കണം. ഇല്ലാത്തപക്ഷം, ആരാധന തികച്ചും നിരർത്ഥവും ഫലശൂന്യവുമാകുന്നു. എന്നിട്ടും ഈ മുശ്‌രിക്കുകൾ വിഗ്രഹങ്ങളെ ആരാധിച്ചു വരികയാണ്. അതിന് അവർ പറയുന്ന ന്യായം അവർക്ക് ഗുണമോ ദോഷമോ ചെയ്‌വാൻ കഴിയുമെന്നല്ല. അവ അല്ലാഹുവിന്റെ മുമ്പിൽ തങ്ങൾക്ക് ശുപാർശക്കാരായി വരുമെന്നും, അങ്ങനെയുള്ള തങ്ങളെ ശിക്ഷയിൽ നിന്ന് ഒഴിവാക്കുമെന്നുമാകുന്നു. എന്നാൽ, അങ്ങനെയുള്ള ശുപാർശക്കാർ ആകാശഭൂമിയിൽ എവിടെയുമില്ല. ഉണ്ടെങ്കിൽ അല്ലാഹു അറിയണമല്ലോ. എന്നിരിക്കെ, ആ വാദത്തിന്റെ അർത്ഥം, അല്ലാഹുവിനറിയാത്ത ചില ശുപാർശക്കാർ അവന്റെ അടുക്കൽ സ്വാധീനം ചെലുത്തുന്നവരായി നിലവിലുണ്ട് എന്നാണല്ലോ. ഇത്തരം സങ്കൽപങ്ങളിൽ നിന്നെല്ലാം തന്നെ അല്ലാഹു മഹാ പരിശുദ്ധനും, അത്യുന്നതനുമാകുന്നു.

ശുപാർശകൻമാരെ സംബന്ധിക്കുന്ന ഇതുപോലെയുള്ള പ്രസ്താവനകൾ വിഗ്രഹാരാധകൻമാരെ മാത്രം ബാധിക്കുന്നതാണെന്ന് കരുതുന്നത് തികച്ചും തെറ്റാകുന്നു. ഉപകാരവും ഉപദ്രവവും ചെയ്‌വാനുള്ള യഥാർത്ഥ കഴിവ് അല്ലാഹുവിന് തന്നെയാണുള്ളതെന്ന് സമ്മതിച്ചുകൊണ്ടുതന്നെയാണ് ആ മുശ്‌രിക്കുകളും ഈ ശുപാർശവാദംകൊണ്ടുവരുന്നതെന്ന് ഓർക്കണം. അവർ ആരാധിക്കുന്ന കല്ലുകളോ വൃക്ഷങ്ങളോ തങ്ങൾക്ക് ശുപാർശ നടത്തുമെന്നല്ല അവർ പറയുന്നതിന്റെ ഉദ്ദേശ്യം. അവ ഏത് മഹാൻമാരുടെ - ദേവിദേവൻമാരുടെ-പേരിൽ പ്രതിഷ്ഠിതങ്ങളാണോ അവർ തങ്ങൾക്കുവേണ്ടി അല്ലാഹുവിങ്കൽ ശുപാർശ ചെയ്യുമെന്നാണ് അവരുദ്ദേശിക്കുന്നത്. അപ്പോൾ, വിഗ്രഹങ്ങളെ ആരാധിക്കുന്നത് ശിർക്കാണെന്നു സമ്മതിക്കുകയും, അതേ സമയത്ത് അവർ പറയുന്ന അതേ ന്യായം പറഞ്ഞുകൊണ്ട് വല്ല മഹാന്മാരെയും വിളിച്ചു പ്രാർത്ഥിക്കുക , അവരവരുടെ ഖബ്ർസ്ഥാനങ്ങളിലേക്ക് നേർച്ച വഴിപാടുകൾ നടത്തുകപോലെയുള്ള ആരാധനാകർമങ്ങൾ ചെയ്യുന്നവർക്കും ബാധകം തന്നെയാണിത്. (*)

(*) ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം റാസീ എഴുതിയ ഒരു ഭാഗം ഇവിടെ നേരെ പകർത്തുന്നു

انهم وضعوا هذه الاصنام والاوثان على صور انبيآئهم وأكابرهم وزعموا أنهم متى اشتغلوا بعبادة هذه التماثيل فان أولئك الا كابر تكون شفعآء لهم عند الله تعالى ونظيره فى هذا الزمان اشتغال كثير من الخلق بتعظيم قبور الاكابر على اعتقاد انهم اذا عظموا

وَمَا كَانَ ٱلنَّاسُ إِلَّآ أُمَّةً وَٰحِدَةً فَٱخْتَلَفُوا۟ ۚ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِىَ بَيْنَهُمْ فِيمَا فِيهِ يَخْتَلِفُونَ ﴿١٩﴾

﴾19﴿ മനുഷ്യർ ഒരേ സമുദായമല്ലാതെ ആയിരുന്നില്ല; എന്നിട്ടവർ ഭിന്നിച്ചിരിക്കുകയാണ്.

നിന്റെ റബ്ബിങ്കൽനിന്നും ഒരു വാക്യം മുൻ കഴിഞ്ഞിട്ടില്ലായിരുന്നെങ്കിൽ, അവർ യാതൊന്നിൽ ഭിന്നിച്ചു കൊണ്ടിരിക്കുന്നുവോ അതിൽ അവർക്കിടയിൽ തീരുമാനിക്കപ്പെടുകതന്നെ ചെയ്യുമായിരുന്നു.

﴾19﴿ وَمَا كَانَ ആയിരുന്നില്ല النَّاسُ മനുഷ്യർ إِلاأُمَّةً ഒരു സമുദായമല്ലാതെ وَاحِدَةً ഒരേ, ഏക فَاخْتَلَفُوا എന്നിട്ടവർ ഭിന്നിച്ചു, അഭിപ്രായവ്യത്യാസത്തിലായി وَلَوْلَا ഇല്ലായിരുന്നെങ്കിൽ كَلِمَةٌ ഒരു വാക്ക്, വാക്യം سَبَقَتْ അത് മുൻകഴിഞ്ഞു, മുൻകഴിഞ്ഞ مِن رَّبِّكَ നിന്റെ റബ്ബിങ്കൽനിന്ന് لَقُضِيَ തീരുമാനം ചെയ്യപ്പെടുകതന്നെ ചെയ്യുമായിരുന്നു بَيْنَهُمْ അവർക്കിടയിൽ فِيمَا യാതൊന്നിൽ فِيهِ അതിൽ يَخْتَلِفُونَ അവർ ഭിന്നിച്ചുവരുന്നു

ആദ്യകാലത്ത് മനുഷ്യരെല്ലാം തൗഹീദിൽ നിലകൊള്ളുന്ന ഏക സമുദായമായിട്ടായിരുന്നു ജീവിച്ചുപോന്നിരുന്നത്. പിന്നീട് കുറെ കഴിഞ്ഞാണ് അവരിൽ ശിർക്കും ഭിന്നിപ്പും കടന്നുകൂടിയത്. ഭിന്നിച്ചവരെ ശിക്ഷിച്ചും ഭിന്നിക്കാത്തവരെ രക്ഷിച്ചുംകൊണ്ട് അവർക്കിടയിൽ നടപടി എടുക്കൽ പരലോക ജീവിതത്തിൽ വെച്ചായിരിക്കുമെന്ന് അല്ലാഹു മുമ്പേ നിശ്ചയിച്ചു വെച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ഇപ്പോൾ രണ്ടു കൂട്ടർക്കുമിടയിലുള്ള ഒരവസാന തീരുമാനമുണ്ടാക്കി നടപടി എടുക്കാത്തത് എന്ന് സാരം. നൂഹ് നബി (അ)യുടെ സമുദായത്തിൽനിന്നാണ് വിഗ്രഹാരാധനയുടെ തുടക്കം കുറിച്ചതെന്നും, അതിന്റെ ഉൽഭവം ഇന്നിന്നപ്രകാരമാണുണ്ടായതെന്നും ഇബ്നു അബ്ബാസ് (റ) ൽ നിന്ന് ബുഖാരീ (റ) ഉദ്ധരിച്ച വിവരം നാം ഇതിന് മുമ്പ് ഉദ്ധരിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടുതൽ വിവരം സൂറത്തുനൂഹിനുശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിലും കാണാവുന്നതാണ്.

وَيَقُولُونَ لَوْلَآ أُنزِلَ عَلَيْهِ ءَايَةٌ مِّن

﴾20﴿ അവർ പറയുന്നു: 'അവന്ന് [നബിക്ക്] അവന്റെ റബ്ബിങ്കൽ നിന്ന്

◀◀ *قبورهم فانهم يكونون شفعاء لهم عند الله*

ഈ വിഗ്രഹങ്ങളെയും ബിംബങ്ങളെയും അവരുടെ പ്രവാചകൻമാരുടെയും മഹാത്മാക്കളുടെയും രൂപത്തിലാണ് അവർ ഉണ്ടാക്കിവെച്ചത്. ഈ പ്രതിമകളുടെ ആരാധനയിൽ തങ്ങൾ ഏർപ്പെടുമ്പോൾ ആ മഹാത്മാക്കൾ അല്ലാഹുവിന്റെ അരികെ തങ്ങൾക്ക് ശുപാർശകരാകുമെന്ന് അവർ ജൽപിക്കുകയും ചെയ്തു. മഹാത്മാക്കളുടെ ഖബ്റുകളെ ആദരിക്കുന്നതിൽ അനേകം 'പടപ്പുകൾ' ഇക്കാലത്ത് ഏർപ്പെട്ടിട്ടുള്ളതും ഇതിന് തുല്യമാണ്. തങ്ങൾ അവരുടെ ഖബ്റുകളെ ആദരിച്ചാൽ അവർ അല്ലാഹുവിങ്കൽ തങ്ങൾക്ക് ശുപാർശകരാകുമെന്നാണ് അവരുടെ വിശ്വാസം.'

رَّبِّهِۦ ۖ
فَقُلْ إِنَّمَا ٱلْغَيْبُ لِلَّهِ فَٱنتَظِرُوٓا۟
إِنِّى مَعَكُم مِّنَ ٱلْمُنتَظِرِينَ ﴿٢٠﴾

ഒരു ദൃഷ്ടാന്തം ഇറക്കിക്കൊടുക്കപ്പെടാത്തതെന്ത് ?!' എന്നാൽ, പറയുക : അദൃശ്യകാര്യം അല്ലാഹുവിന് മാത്രമാണ് (അറിവുള്ളത്);. ആകയാൽ, നിങ്ങൾ കാത്തിരിക്കുവിൻ, നിശ്ചയമായും ഞാൻ, നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരിൽ പെട്ടവനാകുന്നു.

﴾20﴿ وَيَقُولُونَ അവർ പറയുന്നു لَوْلَآأُنزِلَ ഇറക്കപ്പെട്ടു കൂടേ, എന്തുകൊണ്ട് ഇറക്കപ്പെട്ടില്ല عَلَيْهِ അവന്റെ മേൽ, അവന് آيَةٌ ഒരു ദൃഷ്ടാന്തം, വല്ല ദൃഷ്ടാന്തവും مِن رَّبِّهِ അവന്റെ റബ്ബിങ്കൽനിന്ന് فَقُلْ എന്നാൽ പറയുക إِنَّمَاالْغَيْبُ നിശ്ചയമായും മറഞ്ഞ കാര്യം (മാത്രം ആകുന്നു) لِلَّهِ അല്ലാഹുവിന് (മാത്രം ആകുന്നു) فَانْتَظِرُوا അതിനാൽ നിങ്ങൾ നോക്കിയിരിക്കു (കാത്തിരിക്കു) വിൻ إِنِّي مَعَكُمْ നിശ്ചയമായും ഞാൻ നിങ്ങളോടൊപ്പം مِنَ الْمُنْتَظِرِينَ നോക്കി (കാത്ത്) ഇരിക്കുന്നവരിൽ പെട്ടവനാണ്.

നബിﷺയുടെ സത്യതക്ക് തെളിവില്ലാത്തതുകൊണ്ടോ, തെളിവിന്റ പോരായ്മ നിമിത്തം സംശയം തീരാത്തതുകൊണ്ടോ അല്ല മുശ്രിക്കുകൾ ഒരു ദൃഷ്ടാന്തത്തിന് ആവശ്യപ്പെടുന്നത്. നബിﷺയെ ഉത്തരംമുട്ടിച്ചു ജയഭേരി അടിക്കുകയാണ് അവരുടെ ഉദ്ദേശ്യം. മൂസാ നബി(അ) ക്ക് വടിയും കൈയും ദൃഷ്ടാന്തമായി ഉണ്ടായിരുന്നതുപോലെയോ, സ്വാലിഹ് നബി (അ) ക്ക് ഒട്ടകം ദൃഷ്ടാന്തമായിരുന്നതുപോലെയോ ഉള്ള ഒരു പ്രത്യക്ഷ പ്രകൃതി ദൃഷ്ടാന്തം എന്തുകൊണ്ട് മുഹമ്മദ് കാണിക്കുന്നില്ല എന്നാണവർ പറയുന്നത്. ഞങ്ങൾ നിന്നെ വിശ്വസിക്കണമെങ്കിൽ , ഭൂമിയിൽ നിന്ന് ഞങ്ങൾക്കൊരു ഉറവ് നീ പൊട്ടിയൊഴുക്കിത്തരണം, അല്ലെങ്കിൽ നിനക്ക് ഈത്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടമുണ്ടാവണം, അല്ലെങ്കിൽ നീ ആകാശത്തുനിന്ന് കഷ്ണങ്ങൾ വീഴ്ത്തണം, അല്ലെങ്കിൽ നീ അല്ലാഹുവിനെയും മലക്കുകളെയും കൊണ്ടുവരണം, അല്ലെങ്കിൽ സ്വർണം കൊണ്ടുള്ള ഒരു വീട് നിനക്കുണ്ടായിരിക്കണം, അല്ലെങ്കിൽ നീ ആകാശത്തിലൂടെ കയറിപ്പോകണം എന്നൊക്കെ ചില ദൃഷ്ടാന്തങ്ങൾ അവർ സ്വയം തന്നെ നിർണയിച്ചാവശ്യപ്പെട്ടിട്ടുള്ള കഥ സൂഃ ഇസ്റാഉ് 90-93 ൽ കാണാവുന്നതാണ്. ഇത്തരത്തിൽ പെട്ട വല്ല കാര്യങ്ങളുമായിരിക്കും അവർ ദൃഷ്ടാന്തം കൊണ്ടുദ്ദേശിക്കുന്നത് എന്ന് വ്യക്തമാകുന്നു.

ദൃഷ്ടാന്തം നൽകുന്ന കാര്യം - അത് ആർക്ക്, എപ്പോൾ, എങ്ങിനെ വേണമെന്നല്ലാമുള്ള വിഷയം- അദൃശ്യകാര്യങ്ങളിൽ പെട്ടതാണ്. അദൃശ്യജ്ഞാനം അല്ലാഹുവിനേ ഉള്ളൂ. അതുകൊണ്ട് എന്നോട് ദൃഷ്ടാന്തം ആവശ്യപ്പെട്ടിട്ട് കാര്യമില്ല. അല്ലാഹു ചെയ്‌വാൻ പോകുന്നതെന്താണെന്ന് നമുക്ക് കാത്തിരുന്ന് കാണാം. നാം ഇരുകൂട്ടരും കാത്തിരിക്കുക. എന്നൊക്കെയാണ് അവർക്ക് നൽകുവാൻ കൽപിച്ച മറുപടിയുടെ താൽപര്യം. ദൃഷ്ടാന്തം കാണിക്കുവാൻ നബിﷺക്ക് കഴിവില്ലെന്ന് അറിയിച്ചതോടൊപ്പം തന്നെ, അവർക്ക് കനത്ത ഒരു താക്കീത് കൂടിയാണ് ഈ മറുപടി.

വിഭാഗം - 3